**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 897** **14-10-2026-ൽ മറുപടിയ്ക്ക്**

**പഴശ്ശി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പഴശ്ശി കനാലിന്റെ കാര-തെളുപ്പ് പ്രദേശത്തെ അണ്ടർ ടണൽ തകർന്ന് ദുരന്തമുണ്ടായതിൽ ടണലിന്റെയും ബണ്ട് റോഡിന്റെയും പുനർനിർമ്മാണ പ്രവൃത്തികൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്; പ്രസ്തുത തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

**മറുപടി:** പഴശ്ശി കനാലിന്റെ കാര - തെളുപ്പ് പ്രദേശത്തെ അണ്ടർ ടണൽ തകർന്നതുമായി ബന്ധപ്പെട്ട് പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കനാലിന്റെയും ബണ്ട് റോഡിന്റെയും തകർച്ച വർദ്ധിക്കാതിരിക്കുവാനും 13.62 ലക്ഷം രൂപയുടെ അടിയന്തിര അറ്റകുറ്റപണികൾക്കായുള്ള പ്രവൃത്തി 60 ശതമാനം പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ തകർന്ന അണ്ടർ ടണൽ, റോഡ് എന്നിവ പുനർനിർമ്മിക്കുതിനായുള്ള, "PyIP - Flood 2026 - Restoration of damaged main canal, inspection road and UT near Ch: 13/600 Km at Theluppu – Kara of Keezhallur Gramapanchayath"എന്ന പ്രവൃത്തിയുടെ 3.31 കോടി രൂപയുടെ DPR ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ജലസേചന പ്രൊജക്ട് I ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** പഴശ്ശി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

**മറുപടി:** പഴശ്ശി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷം നോൺ പ്ലാൻ (2700-12-101-98-18) Head of Account- ൽ 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നബാർഡ് (4700-12-800-87) Head of Account- ൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ DPR ജലസേചനം പ്രൊജക്ട് I ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

**(സി)** പഴശ്ശി ഡാം സുരക്ഷയ്ക്കായി ജീവനക്കാരെ നിയോഗിക്കുന്നത് പരിഗണനയിലുണ്ടോ?

**മറുപടി:** പഴശ്ശി ഡാം സുരക്ഷക്കായി നിലവിൽ KEXCON (Kerala State Ex-Servicemen Development & Rehabilitation Corporation) മുഖേന സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**